പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

117 (3917) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ സാദ്ധ്യതാ പഠനം എപ്പോഴാണ് നടത്തിയത്; പ്രസ്തുത പഠനപ്രകാരം ഏതൊക്കെ പാരമ്പര്യേതര സ്രോതസ്സുകളാണ് പ്രത്യുല്പാദനപരമാണെന്ന് കണ്ടെത്തിയിട്ടുള്ളത് ;

(ബി) ഈ സ്രോതസ്സുകളിൽ നിന്നും എത്ര വൈദ്യുതി പ്രതിവർഷം ആകെ ഉല്പാദിപ്പിക്കാനാകും എന്നാണ് കണക്കാക്കിയിട്ടുള്ളത് ; ഇപ്പോൾ എത്രയാണ് ഇത്തരം സ്രോതസ്സുകളിൽ നിന്നുമുള്ള ആകെ ഉല്പാദനം എന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് കാറ്റാടിപ്പാടങ്ങളിൽ നിന്നും ഇപ്പോൾ എത്ര വൈദ്യുതിയാണ് പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നത്; കഞ്ചിക്കോട്, രാമക്കൽമേട് എന്നിവടങ്ങളിൽ ഇപ്പോൾ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദനം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രവീതം പ്രതിദിനം ലഭ്യമാകുന്നു എന്നതിന്റെ വിശദാംശം നൽകാമോ ;

(ഡി) സൗരോർജ്ജം, ബയോമാസ്, തിരമാല എന്നിവയിൽ നിന്നും ലാഭകരമായി വൈദ്യുതി ഉൽപ്പാദനത്തിനായി എന്തെങ്കിലും പദ്ധതി ഇപ്പോൾ നടപ്പാക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് സംസ്ഥാനത്ത് നടത്തിയ സാദ്ധ്യതാ പഠനങ്ങൾ താഴെ പറയും പ്രകാരമാണ്:-

	പാരമ്പര്യേതര ഊർജ്ജ രൂപം	പഠന കാലം	പഠനം നടത്തിയ ഏജൻസി
1	പവനോർജ്ജം (കാറ്റ്)	1989-2000	അനെർട്ട്
2.	ജൈവോർജ്ജം	1998-2002	അനെർട്ട്
3.	സൗരോർജ്ജം (വൻതോതിൽ ലാഭകരമല്ലാത്ത സ്രോതസ്സായതിനാൽ സംസ്ഥാനതലത്തിൽ വിശദമായ പഠനം ആവശ്യമില്ല).		
4.	ചെറുകിടജലശക്തി (1983-1985) (പശ്ചിമഘട്ടത്തിലെ താരതമ്യേന വലിയ സ്വാഭാവിക വെള്ളച്ചാട്ടങ്ങളെ സംബന്ധിച്ച്)		സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റി
	1991-92 (ജലസേചന അണക്കെട്ടുകളുടെയും കനാലുകളെയും അടിസ്ഥാനമാക്കിയുള്ള പഠനം)		ലോകബാങ്ക് സഹായത്തോടെ വിവിധ സംസ്ഥാനങ്ങളിൽ നടപ്പാക്കിയ എനർജി സെക്ഷൻ മാനേജ്മെന്റ് അസിസ്റ്റൻസ് പ്രോഗ്രാം (എസ്.എം.എ.പി)

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ പഠനങ്ങളുടെ വിപുലീകരണം	കേന്ദ്ര വൈദ്യുതി അതോറിറ്റിയും സംസ്ഥാന വൈദ്യുതി ബോർഡും.
2000-2002 (ശൃംഖലാബന്ധിതമല്ലാതെ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ സ്ഥാപിക്കാവുന്ന മിനി-മൈക്രോ പദ്ധതികൾ)	അനെർട്ട്

മേൽ സൂചിപ്പിച്ച പഠനങ്ങളിൽ നിന്നും പവനോർജ്ജം, ചെറുകിട ജലശക്തി, ജൈവോർജ്ജം എന്നിവ സംസ്ഥാനത്ത് ഉൽപ്പാദനപരമായി വികസിപ്പിക്കാവുന്ന പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി)

പാരമ്പര്യേതര ഊർജ്ജ രൂപം	സംസ്ഥാനത്ത് ലഭ്യമായ വൈദ്യുത ഉൽപ്പാദനശേഷി	നിലവിലുള്ള വൈദ്യുതോല്പാദനം
പവനോർജ്ജം	605 എം ഡബ്ല്യൂ	2.025 എം ഡബ്ല്യൂ
ജൈവോർജ്ജം	57 എം ഡബ്ല്യൂ	60 കെ ഡബ്ല്യൂ
സൗരോർജ്ജം	2.9 X 10 എം ഡബ്ല്യൂ	2.1 എം ഡബ്ല്യൂ
ചെറുകിട ജലശക്തി	500 എം ഡബ്ല്യൂ	55.5 എം ഡബ്ല്യൂ

(സി) കഞ്ചിക്കോട് നിലയത്തിൽ നിന്നുള്ള പ്രതിദിന വൈദ്യുതി ഉൽപ്പാദനം 2002-03 വർഷത്തിൽ ശരാശരി 6655 യൂണിറ്റ് ആണ്. രാമക്കൽമേടിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദനം തുടങ്ങിയിട്ടില്ല.

(ഡി) സൗരോർജ്ജം, ബയോമാസ് എന്നിവയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ വിവിധ പദ്ധതികൾ അനെർട്ട് നടത്തിവരുന്നുണ്ട്.

സൗരോർജ്ജം:- സംസ്ഥാനത്തിന്റെ വിദൂരസ്ഥിതങ്ങളായ പിന്നോക്ക വിഭാഗ ഭവനങ്ങൾക്ക് വൈദ്യുതി നൽകാനായി സൗരഗ്രാമ വൈദ്യുതീകരണ പദ്ധതി ഇതിനായുള്ള ശ്രമമാണ്. ആദ്യ രണ്ട് ഘട്ടങ്ങളിലായി ഈ പദ്ധതിയിൻ കീഴിൽ 20,000 പിന്നോക്ക വിഭാഗ ഭവനങ്ങൾ വൈദ്യുതീകരിക്കാനായി. ഈ പദ്ധതിയുടെ മൂന്നാം ഘട്ടം കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ഇ.എസ്) പരിഗണനയിലാണ്. എം.എൻ.ഇ.എസ്-ന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള മറ്റുപദ്ധതികൾ ഇവയാണ് .

1. 100 കെ. ഡബ്ല്യൂ ശൃംഖലാബന്ധിത സൗര വൈദ്യുത പ്ലാന്റ് (സംസ്ഥാന നിയമസഭാ മന്ദിരത്തിൽ).

2. പൊതുവിതരണത്തിനുള്ള വിവിധ പദ്ധതികൾ (വീട്ടുവിളക്കുകൾ, വഴിവിളക്കുകൾ, സൗര ടി.വി., സൗരപമ്പ്, സൗര ഫ്രിഡ്ജ്, റൂഫ്ടോപ്പ് പവർ പ്ലാന്റ് എന്നിവ).

LIBRARY ARCHIVES Kerala Legislative Assembly

ബയോമാസ്:- കേന്ദ്ര പാരമ്പരേ്യതര ഊർജ്ജ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പുസാമ്പത്തിക വർഷം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടുള്ള ശ്രീ. വിഘ്നേഷ് കെമിക്കൽ എന്ന സ്ഥാപനത്തിൽ 200 കെ.ഡബ്ല്യു. വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ പ്രതിശേഷിയുള്ള ഒരു ബയോമാസ് ഗ്യാസിഫർ സ്ഥാപിക്കാൻ അനെർട്ട് നടപടി സ്വീകരിച്ചുവരുന്നു. 48 ലക്ഷം രൂപയുടെ സംസ്ഥാന ചെലവുള്ള ഈ പ്രോജക്ടിന് 30.70 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ലഭ്യമാണ്.

തിരമാല വൈദ്യുതി:- വിഴിഞ്ഞത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (എൻ.ഐ.ഒ.ടി.)-യുടെ സഹായത്തോടെ ഗവേഷണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു തിരമാല വൈദ്യുതപദ്ധതി സ്ഥാപിച്ചിട്ടുണ്ട്.

താപ ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി

118 (3918) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓരോ ജല വൈദ്യുത നിലയങ്ങളിൽ നിന്നും എത്ര യൂണിറ്റ് വീതം വൈദ്യുതി ഉല്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഓരോ താപവൈദ്യുത നിലയങ്ങൾക്കും എത്ര വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള കപ്പാസിറ്റി ഉണ്ട് ;

(സി) ഇവ ഓരോന്നിൽ നിന്നും എത്ര വൈദ്യുതി ഉല്പാദിപ്പിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ നിന്നും 2003 ജൂൺ മാസം ഉല്പാദിപ്പിച്ച വൈദ്യുതിയുടെ വിവരം താഴെ കാണിച്ചിരിക്കുന്നു.

ക്രമനമ്പർ	പദ്ധതിയുടെ പേര്	ഉല്പാദനം (മില്യൺ യൂണിറ്റ്)
(1)	(2)	(3)
1	കുറ്റ്യാടി-കുറ്റ്യാടി എക്സ്റ്റൻഷൻ	9.5390
2	പെരിങ്ങൽകുത്ത്	6.5734
3	പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ	3.8050
4	ഷോളയാർ	1.5019

LIBRARY ARCHIVES Kerala Legislative Assembly